# 'നീര' ഉത്പാദനം പുത്തൻ ഉണർവു നൽകും

മുഹമ്മ(ആലപ്പുഴ): ഗ്രാമീണ കാർഷിക മേഖലയിൽ വലിയ ചലനമുണ്ടാക്കാൻ 'നീര'യ്ക്ക് കഴിയുമെന്ന് നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ്. 42 ദിവസത്തെ പരിശീലനം പൂർത്തിയാക്കിയ ടെക്നിഷ്യന്മാർക്ക് നീര കോഴ്സിന്റെ സർട്ടിഫിക്കറ്റ് വിതരണം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തിന്റെ ഗ്രാമീണ സമ്പദ് വ്യവസ്ഥ നീരയുടെ ഉത്പാദനത്തിലൂടെ സമ്പന്നമാകും. 1902ൽ വിദേശഭരണം അടിച്ചേൽപ്പിച്ച അബ്കാരി നിയമത്തിൽ 2014 ഓടെ ചില മാറ്റങ്ങൾ വരുത്താനായതാണ് 'നീര' ഉത്പാദനത്തിന് വഴിയൊരുക്കിയത്.